(ബി) പ്രസ്തുത ഗ്രാമങ്ങളുടെ ക്ഷേമത്തിനായി ഈ ഗവൺമെൻറ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതികൾമൂലം എത്ര പേർക്ക് പ്രയോജനമുണ്ടായിട്ടുണ്ട്;

(ഡി) ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഇ) അംബേദ്കർ ഗ്രാമങ്ങളിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓരോ ജില്ലയിലേയും അംബേദ്കർ ഗ്രാമങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതിന് ചുമതലയുണ്ടായിരുന്ന ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് ഓരോ കോളനിയുടേയും ആവശ്യങ്ങൾ കണക്കിലെടുത്ത് അവിടേയ്ക്ക് ആവശ്യമായ വികസന പദ്ധതികളും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും, (വെള്ളം, വെളിച്ചം, റോഡ്) മറ്റു ധനാഗമ പദ്ധതികളും വിവിധ വകുപ്പുകളുടെ ക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 3115·066 ലക്ഷം രൂപ.

(ഇ) 14-4-1990 മുതൽ 14-4-1992 വരെയുള്ള നിശ്ചിത കാലത്തേക്ക് ലക്ഷ്യമിട്ട പദ്ധതിയാകയാൽ അംബേദ്കർ ഗ്രാമങ്ങളിൽ ഇനിയും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ

83 [1683] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക - പട്ടികജാതിമുതായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്;

(ബി) ഇവർക്ക് വീട് നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഭവനരഹിതരായ 30,000 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) ഉണ്ട്. ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2000-ാമാണ്ടോടെ വീട് നൽകുക എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly